"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-11-01-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്- മുളിയാർ സി.എച്ച്.സി-യിൽ പ്രവർത്തനം ആരംഭിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.272/2022/LSGD തീയതി,തിരുവനന്തപുരം, 08-02-2022

---

പരാമർശം:- 1. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.2021 ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 11.01.2022-ലെ തീരുമാനം നം.4.11

**ഉത്തരവ്**

കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മുളിയാർ സി.എച്ച്.സി യിൽ ഒരു ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നിനുള്ള പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ബ്ലോക്ക് പഞ്ചായത്ത് 12.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകൾ 2.00 ലക്ഷം രൂപയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. യൂണിറ്റിന്റെ പ്രവർത്തനം മുടക്കം കൂടാതെ മുന്നോട്ടു കൊണ്ടുപോകുന്നതിനായി ബ്ലോക്ക പഞ്ചായത്തിന്റെ പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകളുടെ വിഹിതം സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് കൈമാറാൻ അനുമതി നൽകണമെന്ന അപേക്ഷ കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പരാമർശം (2) പ്രകാരം നിബന്ധനകളോടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്

2.മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മുളിയാർ സി.എച്ച്.സി-യിൽ പ്രവർത്തനം ആരംഭിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ള തുക, സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർക്ക് ധനവകുപ്പ് ഇറക്കിയിരിക്കുന്ന മാനദണ്ഡ പ്രകാരം കൈമാറി തുക ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ നോൺ റോഡ് മെയിന്റനൻസ് വിഹിതം സി.എച്ച്.സിയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ/സാമഗ്രികൾ, കെട്ടിടത്തിലെ അറ്റകുറ്റപ്പണി തുടങ്ങിയവക്കായി മാത്രമേ ഉപയോഗിക്കാവൂ എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 09-02-2022 11:53:40**
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്